

# വൈസ് ചാൻസലർ വേണ്ടാത്ത സർവകലാശാല

**വിവിധ തലങ്ങളിൽനിന്ന് തീരുമാനങ്ങൾ കൈക്കൊള്ളാനുള്ള ജനാധിപത്യവത്ക്കരണം പൂർത്തിയായാൽ സർവകലാശാലകൾക്ക് വി.സിയുടെ ആവശ്യം ഇല്ലാതാവും**

■ **കെ.എൻ. പണിക്കർ**

കഴിഞ്ഞ അൻപതു കൊല്ലങ്ങൾക്കിടയിൽ ഇന്ത്യക്കകത്തും പുറത്തുമുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ഒരദ്ധ്യാപകൻ എന്ന നിലയ്ക്ക് പ്രവർത്തിക്കാൻ എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. എന്നാൽ, കേരളത്തിലെ സാമാന്യം പഴക്കമുള്ള കാലിക്കറ്റ് സർവകലാശാലയിൽ ഇപ്പോൾ, ഈ സന്ദർഭത്തിൽ ഞാൻ ലജ്ജയോടെയാണ് നിൽക്കുന്നത്. അത് വേദനിപ്പിക്കുന്ന അനുഭവവുമാണ്. ഈ കാലഘട്ടത്തിൽ ലോകത്ത് മറ്റൊരു സർവകലാശാലയിലും സംഭവിക്കാത്ത–സംഭവിച്ചുകൂടാത്ത ഒരു സ്ഥിതിവിശേഷമാണ് കാലിക്കറ്റ് സർവകലാശാലയിൽ ഉണ്ടായിരിക്കുന്നത്. വിദ്യാർത്ഥികൾക്ക്, അദ്ധ്യാപകർക്ക്

അവരുടെ അഭിപ്രായം പറയുന്നതിന്, ആശയവിനിമയം നടത്തുന്നതിന്, ചർച്ചകൾ സംഘടിപ്പിക്കുന്നതിന് ആരുടെയെങ്കിലും അനുമതി വേണമെന്ന അവസ്ഥ വരുകയാണെങ്കിൽ അത് ജനാധിപത്യത്തിന് എതിരായുള്ള ഒരു കൈയേറ്റം മാത്രമല്ല, മാനസികമായ അടിമത്ത്വത്തിലേക്ക് നമ്മുടെ സമൂഹം പോവാൻ സാദ്ധ്യതയുള്ള ഒരവസ്ഥാവിശേഷം കൂടിയാണ്. അതുകൊണ്ട് ഇത്തരം സന്ദർഭങ്ങളിൽ എത്ര ഉച്ചത്തിലാണോ, അത്ര ഉച്ചത്തിൽ, ഇത്തരം നടപടികളെ അക്കാദമികസമൂഹം സ്വീകരിക്കുകയില്ല എന്ന് വിളിച്ചുപറയേണ്ടിയിരിക്കുന്നു.

## സംസ്കാരത്തെക്കുറിച്ചുള്ള അവബോധം

ഇത്തരമൊരു പരിപാടിയിൽ പങ്കെടുക്കാൻ സാധിക്കുമോ എന്ന് സംഘാടകർ ചോദിച്ചപ്പോൾ വാസ്തവത്തിൽ എനിക്ക് ആ ചോദ്യത്തിന്റെ അർത്ഥം മനസ്സിലായിരുന്നില്ല. ഒരു സർവകലാശാലയിൽ ചർച്ചയിൽ പങ്കെടുക്കാനെന്താണ് വിഷമം? സംവാദം വേണമോ വേണ്ടയോ എന്ന ചോദ്യം ഉന്നയിക്കപ്പെടുന്ന അവസ്ഥ ഉണ്ടാവുകയാണെങ്കിൽ അതിൽ വലിയൊരപാകതയുണ്ട്. ഇത് നമ്മെ സംബന്ധിച്ചിടത്തോളം, സ്വതന്ത്ര ഇന്ത്യയിലെ പൗരന്മാരെ, വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം അസ്വീകാര്യമായ ഒന്നാവേണ്ടിയിരിക്കുന്നു. അടിയന്തരാവസ്ഥക്കാലത്ത് പോലും സംഭവിക്കാത്ത ഒന്നാണിത്. അടിയന്തരാവസ്ഥക്കാലത്തും ഇന്ത്യയിലെ സർവകലാശാലകളിൽ വിദ്യാർത്ഥികളും അദ്ധ്യാപകരും ചർച്ചകളും വാദപ്രതിവാദങ്ങളും നടത്തിയിരുന്നു. എന്നാൽ ഇന്ന് രാജ്യത്ത് അത്തരമൊരു സാഹചര്യം ഇല്ലാത്ത അവസ്ഥയിൽ പോലും കാലിക്കറ്റ് സർവകലാശാലയിൽ ഈയൊരു പരിതസ്ഥിതി നേരിടേണ്ടി വരിക എന്ന് പറയുന്നത് കൂടുതൽ ഗൗരവതരമായ ഒരവസ്ഥയാണ്. അതിനാൽ തന്നെ ഒരു സർവകലാശാലയിൽ ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച്, സർവകലാശാലയെക്കുറിച്ച് തന്നെ ചർച്ച ചെയ്യാൻ അനുമതി വേണം എന്ന് പറയുന്നതിനെ ശക്തമായ ഭാഷയിൽ, ഒത്തൊരുമിച്ച് ചെറുത്തേതീരൂ.



ഡോ. കെ.എൻ. പണിക്കർ

കുറച്ച് കൊല്ലങ്ങൾക്ക് മുൻപ് വടക്കേ ഇന്ത്യയിലെ ഒരു സർവകലാശാലയിൽ ഇത്തരമൊരു ശ്രമം നടത്തുകയുണ്ടായി. ആന്തരികമായ ചില കാരണങ്ങൾകൊണ്ട് സർവകലാശാലയിലെ ഭരണാധികാരികൾക്ക് അവരുടെ തന്റേടം നഷ്ടപ്പെടുകയും അതിന്റെ ഭാഗമായി സർവകലാശാലയിൽ, പുറമെനിന്ന് ആരും വന്ന് പ്രസംഗിച്ചുകൂടാ എന്ന നിയമം പാസാക്കുകയുമുണ്ടായി. അത്തരമൊരു സന്ദർഭത്തിൽ ഞാൻ വിദ്യാർത്ഥികളുടെ ക്ഷണം സ്വീകരിച്ച് അവിടെ പോയിരുന്നു. അപ്പോൾ വിദ്യാർത്ഥികളുടെ ഡീൻ വന്ന് എന്നെ കാണുകയുണ്ടായി. അദ്ദേഹം പറഞ്ഞു, "ഞാൻ അങ്ങയെപ്പോലെ ഒരദ്ധ്യാപകനാണ്. നിയമം ഇതാണ്, ഈ സർവകലാശാലയിൽ ഒരു വിധത്തിലുള്ള മീറ്റിംഗുകളും പാടില്ല. പുറമെ നിന്നാരെയും വന്ന് പ്രസംഗിക്കാൻ അനുവദിക്കുകയില്ല. താങ്കൾ ഒരദ്ധ്യാപകനായതുകൊണ്ടാണ് ഞാനീക്കാര്യം വന്ന് പറയുന്നത്.'' ഞാൻ അദ്ദേഹത്തോട് പറഞ്ഞു, "നിങ്ങൾ ഇവിടുത്തെ ഡീൻ ആയതുകൊണ്ട്, അദ്ധ്യാപകനായതുകൊണ്ട് ഈ പരിപാടിയിൽ വന്ന് എന്റെ പ്രസംഗം കേൾക്കുക.'' ഒരുപക്ഷേ, കാലിക്കറ്റ് സർവകലാശാലയിലെ വൈസ് ചാൻസലർ ചെയ്യേണ്ട ഒന്ന് കുട്ടികൾക്കിടയിലേക്കിറങ്ങി വന്ന് ഇത്തരം ചർച്ചകൾ കേൾക്കുക എന്നതാണ്. അങ്ങനെ ചെയ്യുകയാണെങ്കിൽ ഒരുപക്ഷേ, അദ്ദേഹത്തിന് ഈ സർവകലാശാലയെ കൂടുതൽ നല്ല രീതിയിൽ നടത്തിക്കൊണ്ട് പോകാൻ സാധിക്കും.

ജനാധിപത്യ അഭിപ്രായങ്ങൾ കൈമാറാനും ചർച്ച ചെയ്യാനും ആശയവിനിമയം ചെയ്യാനുമുള്ള വിദ്യാർത്ഥികളുടെ, അദ്ധ്യാപകരുടെ അവകാശം ഈ സർവകലാശാല നിഷേധിച്ചുകൂടാ എന്ന് സമൂഹമാകെ മനസ്സിലാക്കേണ്ടുന്ന ആവശ്യമാണ്. അങ്ങനെ മനസ്സിലാക്കുന്നില്ലെങ്കിൽ വാസ്തവത്തിൽ നമ്മുടെ വിദ്യാർത്ഥികൾക്ക് ഏതെങ്കിലും ഒരു വിഷയം പഠിക്കാനുള്ള അവസരം സിദ്ധിച്ചതുകൊണ്ട് യാതൊരു കാര്യവുമില്ല. കാരണം നാം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന വിഷയങ്ങൾ വിദ്യാർത്ഥികൾക്ക് മറ്റെവിടെയെങ്കിലും പോയി പഠിക്കാൻ സാധിച്ചു എന്നുവരും. പക്ഷേ, ഓരോ സർവകലാശാലയിലും ഓരോ സംസ്കാരമുണ്ട്. സംസ്കാരം എന്താണ് എന്ന്, ഇന്നും സ്വാതന്ത്ര്യലബ്ധിക്ക് ശേഷവും നാം ഉൾക്കൊണ്ടിട്ടില്ല. അതിന്റെ ഫലമായാണ് ഇത്തരം അവസ്ഥാവിശേഷം ഉണ്ടാവുന്നത്. അതുകൊണ്ട് ഈ ചർച്ച, സർവകലാശാലാ സംസ്കാരത്തെക്കുറിച്ചുള്ള ചർച്ച വളരെ പ്രധാനപ്പെട്ടതാണ്. ഇത് ഒരു വിധത്തിലുള്ള മുടക്കവും കൂടാതെ തുടരേണ്ടതാണ്.

പക്ഷേ, എന്താണ് നാമിവിടെ ചർച്ച ചെയ്യേണ്ടത്. വാസ്തവത്തിൽ ഇത്തരമൊരു സർവകലാശാലയിൽ ചർച്ച ചെയ്യേണ്ടത് ഈ സ്ഥാപനത്തെ എങ്ങനെയാണ് ജനാധിപത്യവത്ക്കരിക്കുക എന്നതാണ്. കേരളത്തിലെ സർവകലാശാലകളുടെ ഏറ്റവും വലിയ പരിമിതി ഇവിടെ ജനാധിപത്യവത്ക്കരണം സംഭവിച്ചിട്ടില്ല എന്നതാണ്. ഇത് ഞാൻ പറയുമ്പോൾ നിങ്ങളിൽ പലർക്കും ഇത് ശരിയല്ലെന്ന് തോന്നാം. കാരണം നമ്മുടെ സർവകലാശാലകളിൽ തെരഞ്ഞെടുപ്പുണ്ട്, സിൻഡിക്കേറ്റുമുണ്ട്, അക്കാദമിക് കൗൺസിലുണ്ട്, അങ്ങനെ എല്ലാവിധത്തിലുള്ള സ്ഥാപനങ്ങളും ഉണ്ട്. പക്ഷേ, അങ്ങനെയാണെങ്കിൽ കൂടി നമ്മുടെ സർവകലാശാലകൾ ജനാധിപത്യവത്ക്കരിക്കപ്പെട്ടിട്ടില്ല. അതായത് തീരുമാനം എടുക്കുന്നതിൽ ജനാധിപത്യവത്ക്കരണം ഇല്ല.

അതുകൊണ്ട് ആദ്യമായി വേണ്ടത്

ജനാധിപത്യവത്ക്കരണമാണ്. ജനാധിപത്യവത്ക്കരണം ഉണ്ടാവുമ്പോൾ തീരുമാനങ്ങൾ ഉണ്ടാവുന്നത് സർവകലാശാലയുടെ വിവിധതലങ്ങളിൽ നിന്നാവും. ഒരു വകുപ്പായാലും അക്കാദമിക് കൗൺസിലായാലും സ്കൂളായാലും, തീരുമാനം വിവിധതലങ്ങളിൽ നിന്ന് എടുക്കാനുള്ള സന്ദർഭം ഉണ്ടാവണം. അങ്ങനെ വന്നാൽ ഒരുപക്ഷേ, സർവകലാശാലയിൽ വൈസ് ചാൻസലറുടെ പ്രാധാന്യം തന്നെ ഇല്ലാതാവും. ഏറ്റവും നല്ല സർവകലാശാല എന്റെ ഭാവനയിൽ വൈസ് ചാൻസലർ ഇല്ലാത്ത സർവകലാശാലയാണ്.

## ആശയങ്ങളുടെ സ്വതന്ത്ര വിനിമയം

സർവകലാശാലയിൽ ഒരു വ്യക്തിക്ക് ഇങ്ങനെയുള്ള അധികാരം പ്രയോഗിക്കേണ്ടി വരുന്നത് വാസ്തവത്തിൽ ആത്മവിശ്വാസം ഇല്ലാത്തതുകൊണ്ടാണ്. ആത്മവിശ്വാസം ഉള്ള ഒരു ഭരണാധികാരിക്ക് ഒരിക്കലും ശക്തി ഉപയോഗിക്കേണ്ട ആവശ്യം വരില്ല. ഞാൻ പഠിപ്പിച്ചത് ജവഹർലാൽ നെഹ്റു സർവകലാശാലയിലാണ്. അവിടെ ഞങ്ങൾ അദ്ധ്യാപകർ, വിദ്യാർത്ഥികൾ, ഭരണകർത്താക്കൾ എല്ലാവരും ഒരുമിച്ച് സ്വീകരിച്ച ഒരു തീരുമാനമുണ്ട്. അത് സർവകലാശാലയിൽ പൊലീസ് കടന്നുവരാൻ പാടില്ല എന്നതാണ്. ഒരു ദിവസം രാത്രി വിദ്യാർത്ഥികൾ പഠിപ്പു മുടക്കി പ്രകടനം നടത്തിയ സന്ദർഭം ഉണ്ടായി. അന്ന് പൊലീസിനെ വിളിക്കണമെന്ന് പലരും ആവശ്യപ്പെട്ടപ്പോൾ അതിന്റെ ആവശ്യമില്ല എന്ന് തീരുമാനിക്കുകയും അദ്ധ്യാപകരും വിദ്യാർത്ഥികളും തമ്മിൽ ചർച്ചയിലൂടെ തീരുമാനം എടുക്കുകയുമാണുണ്ടായത്. ഇത് ഓർക്കാൻ കാരണം ഓരോ സർവകലാശാലയിലും ഓരോ വഴക്കങ്ങൾ ഉണ്ടാവും. ഈ വഴക്കങ്ങൾ സൃഷ്ടിക്കുന്നതിൽ ഭരണാധികാരികൾക്ക് വലിയ പങ്കുണ്ട്. അതുകൊണ്ട്, ഭരണാധികാരികൾക്ക് ആരോഗ്യകരമായ വഴക്കത്തിന്റെ പ്രാധാന്യം മനസ്സിലാക്കാൻ കഴിഞ്ഞില്ലെങ്കിൽ, അവർക്ക് സർവകലാശാലയുടെ അടിസ്ഥാനപരമായ സ്വഭാവത്തെക്കുറിച്ചുള്ള അജ്ഞതയെയാണ് അത് സൂചിപ്പിക്കുന്നത്.



**അധികാരം കൈയാളാൻ ശ്രമിക്കുന്നവർ ഏറ്റവും കൂടുതൽ ഭയപ്പെടുന്നത് ആശയങ്ങളെയാണ്. വിദ്യാർത്ഥികളിലും അദ്ധ്യാപകരിലും വളർന്നുവരാൻ ഇടയുള്ള ആശയങ്ങളെ ഭരണകൂടം പേടിക്കുന്നു. അതിനാലാണ് ചിന്തിക്കാൻ സാദ്ധ്യതയുള്ള വിദ്യാർത്ഥിസമൂഹത്തെ ഭയപ്പെടുത്താനും ആ ഭയത്തിലൂടെ ഭരണകർത്താക്കൾ തങ്ങളുടെ ആശയങ്ങൾ അടിച്ചേല്പിക്കാനും ശ്രമിക്കുന്നത്**

ജവഹർലാൽ നെഹ്റു ഇന്ത്യ കണ്ട ഒരു ജനാധിപത്യവാദിയായിരുന്നു എന്ന് നിങ്ങളോട് പറയേണ്ട കാര്യമില്ലല്ലോ. നെഹ്റു സർവകലാശാലയെ വിഭാവനം ചെയ്തത് സ്വതന്ത്ര ചിന്തയ്ക്ക് യാതൊരു തടസ്സവും ഇല്ലാത്ത ഇടം എന്ന നിലയ്ക്കാണ്. അവിടെയാണ് ആശയങ്ങൾ ഉത്പാദിപ്പിക്കപ്പെടുന്നത്. സ്വാതന്ത്ര്യമില്ലാത്ത ഒരിടത്ത് അറിവുത്പാദനം നടക്കില്ല. തുറന്ന മനസ്സുണ്ടെങ്കിൽ മാത്രമേ അറിവ് ഉത്പാദിപ്പിക്കാൻ, വിജ്ഞാനം ഉത്പാദിപ്പിക്കാൻ സാധിക്കൂ. സ്വതന്ത്രമായ ചിന്ത നടക്കാത്തിടത്ത് അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും തങ്ങളുടെ ഗവേഷണ പ്രവർത്തനം നല്ല രീതിയിൽ മുന്നോട്ട് കൊണ്ടുപോവാൻ കഴിയില്ല. അവരുടെ ചിന്തയെ മുരടിപ്പിക്കുന്ന, ചിന്തയെ കടിഞ്ഞാണിടുന്ന സ്ഥിതിവിശേഷമാണ് അതുണ്ടാക്കുക. വിദ്യാർത്ഥികൾക്കോ, അദ്ധ്യാപകർക്കോ സ്വതന്ത്രമായി സംവദിക്കുന്നതിനും ആശയവിനിമയം ചെയ്യുന്നതിനും ആരുടെയെങ്കിലും അനുമതി വേണമെന്ന് പറയുന്നത് ജനാധിപത്യവിരുദ്ധമാണ്.സർവകലാശാല എന്നത് ഒരു കൂട്ടായ്മയാണ്. ഗവേഷകരും വിദ്യാർത്ഥികളും അദ്ധ്യാപകരും അടങ്ങുന്ന ഒരു കൂട്ടായ്മ. ഭരണം നടത്തുന്നവരുടേതല്ല സർവകലാശാല. അത് വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടേതുമാണ്. സർവകലാശാല അറിയപ്പെടേണ്ടത് വൈസ് ചാൻസലറുടെ പേരിലല്ല. സർവകലാശാലയിൽ എങ്ങനെ പഠനം നടത്താം, ഗവേഷണം നടത്താം എന്നതിനെ സഹായിക്കുന്ന ഒരു വ്യക്തിമാത്രമാണ് വൈസ് ചാൻസലർ. അദ്ധ്യാപകരെ സഹായിക്കുക, വിദ്യാർത്ഥികളെ സഹായിക്കുക എന്നതായിരിക്കണം ഭരണത്തിന്റെ അടിസ്ഥാനം.

സർവകലാശാലയിലെ അദ്ധ്യാപകരെ, വിദ്യാർത്ഥികളെ സമൂഹം നോക്കിക്കാണുന്നത് ഏറെ പ്രതീക്ഷയോടെയാണ്. സമൂഹത്തിലെ വളരെ പ്രധാനപ്പെട്ട സ്ഥാപനമാണ് സർവകലാശാല. സമൂഹത്തിലെ ചെറിയൊരു ശതമാനത്തിനുമാത്രമാണ് സർവകലാശാലയിൽ എത്തിച്ചേരാൻ സാധിക്കുന്നത് എന്ന് നാം മറക്കരുത്. അങ്ങനെ എത്തിച്ചേരുന്ന ബുദ്ധിമാന്മാരായ, പ്രവർത്തനശേഷിയുള്ള, ഗവേഷണശേഷിയുള്ള വിദ്യാർത്ഥികളെ, അദ്ധ്യാപകന്മാരെ തടഞ്ഞുനിർത്താൻ ശ്രമിക്കുന്നത് നമ്മുടെ സമൂഹത്തിൽ പുരോഗതിക്ക് തടസ്സം സൃഷ്ടിക്കും. അതിനാൽ തന്നെ മികച്ചൊരു അക്കാദമിക് അന്തരീക്ഷം സർവകലാശാലയിൽ ഉണ്ടാവണം എന്നവകാശപ്പെടാൻ

വിദ്യാർത്ഥി സമൂഹത്തിന് അധികാരമുണ്ട്. അങ്ങനെയല്ലാത്ത ഒരവസ്ഥ ഉണ്ടാവുകയാണെങ്കിൽ നാം ചെലവഴിക്കുന്ന ഭൗതികമായ മൂലധനം മറ്റു പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുന്നതാണ് ഉചിതം.

ഇന്ത്യയിൽ വിദ്യാഭ്യാസരംഗത്ത് കാണാൻ കഴിയുന്ന ഒരു പ്രവണത അധികാര കേന്ദ്രീകരണമാണ്. കഴിഞ്ഞ രണ്ടു കൊല്ലമായി, പുറത്തുവരുന്ന പല കേന്ദ്രനിയമങ്ങളുടെയും ആകെത്തുക അധികാര കേന്ദ്രീകരണമാണെന്ന് കാണാം. ദേശീയ തലത്തിൽ സംഭവിച്ചു കൊണ്ടിരിക്കുന്ന ഈ അധികാര കേന്ദ്രീകരണം വിദ്യാഭ്യാസത്തിന്റെ എല്ലാ തുറകളിലേക്കും എത്തിക്കൊണ്ടിരിക്കുകയാണ്. പുതിയ വിദ്യാഭ്യാസ സമ്പ്രദായം നടപ്പിലാക്കാൻ ശ്രമിക്കുന്നതിന്റെ ഫലമായാണ് ഈ കേന്ദ്രീകരണം രൂപപ്പെടുന്നത്. സമൂഹത്തിലെ വളരെ ചെറിയ ഒരു വിഭാഗത്തിന്റെ ആവശ്യങ്ങളെ, താല്പര്യങ്ങളെ നിലനിർത്താൻ ശ്രമിക്കുന്ന വിദ്യാഭ്യാസ നയമാണിത്. ഇത് വാസ്തവത്തിൽ ഇന്ത്യയിൽ വളർന്നു വരുന്ന ജനാധിപത്യ വിരുദ്ധമായ, സാമ്രാജ്യത്വ സ്വാധീനമുള്ള വിദ്യാഭ്യാസ രീതിയാണ്. അതുകൊണ്ട് കാലിക്കറ്റ് സർവകലാശാലയിൽ നാമെടുത്തു കൊണ്ടിരിക്കുന്ന പ്രവണത ഒരർത്ഥത്തിൽ കാലിക്കറ്റ് സർവകലാശാലയിൽ മാത്രം അടങ്ങിനിൽക്കുന്ന ഒന്നല്ല. ഇത് നമ്മുടെ ദേശീയ തലത്തിൽ വളർന്നു കൊണ്ടിരിക്കുന്ന വിദ്യാഭ്യാസരീതിയുടെ, സമ്പ്രദായത്തിന്റെ ഒരു പ്രതിഫലനമാണ്.

## ആശയങ്ങളെ ഭയക്കുന്നവർ

വിദ്യാഭ്യാസ മേഖലയിൽ വലിയ തോതിൽ സാമ്രാജ്യത്വവത്ക്കരണത്തിന്റെ ശക്തികൾ വളർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, അതിനെ നേരിടേണ്ടത് അതിനെതിരായി ഒരു മേൽക്കോയ്മ സൃഷ്ടിച്ചുകൊണ്ടാവണം. മേൽക്കോയ്മ സൃഷ്ടിച്ചുകൊണ്ട് മാത്രമേ, സാമ്രാജ്യത്വ കടന്നുകയറ്റത്തെ, അതിന്റെ ധൈഷണികമായ സ്വാധീനത്തെ ചോദ്യംചെയ്യാൻ സാധിക്കൂ. അതായത് പ്രകടനങ്ങളിലൂടെയോ, സെമിനാറുകളിലൂടെയോ, പ്രസംഗങ്ങളിലൂടെയോ മാത്രം ചെറുക്കാൻ കഴിയുന്ന ഒന്നല്ല അത്. അതിനാൽ തന്നെ വിദ്യാർത്ഥി സമൂഹത്തിനിടയിൽ, അദ്ധ്യാപക സമൂഹത്തിനിടയിൽ, ഇടതുപക്ഷ ബുദ്ധിജീവികളുടെ ഇടയിൽ ഈ മേൽക്കോയ്മയ്ക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ സാധ്യമാവണം.

അധികാരം കൈയാളാൻ ശ്രമിക്കുന്നവർ ഏറ്റവും കൂടുതൽ ഭയപ്പെടുന്നത് ആശയങ്ങളെയാണ്. വിദ്യാർത്ഥികളിലും അധ്യാപകരിലും വളർന്നുവരാൻ ഇടയുള്ള ആശയങ്ങളെ ഭരണകൂടം പേടിക്കുന്നു. അതിനാലാണ് ചിന്തിക്കാൻ സാദ്ധ്യതയുള്ള വിദ്യാർത്ഥിസമൂഹത്തെ ഭയപ്പെടുത്താനും ആ ഭയത്തിലൂടെ ഭരണകർത്താക്കൾ തങ്ങളുടെ ആശയങ്ങൾ അടിച്ചേല്പിക്കാനും ശ്രമിക്കുന്നത്. അത്തരം ഭയപ്പെടുത്തലിന്റെ ഭാഗമായാണ് സർവകലാശാലയുടെ പടിക്കൽ പൊലീസുകാരുടെ കൂട്ടത്തെ നിർത്തിയിരിക്കുന്നത്.

ഒരു ഡിഗ്രി കിട്ടിയതുകൊണ്ട് ജീവിക്കാൻ പഠിച്ചു എന്നർത്ഥമില്ല. ജീവിക്കാൻ പഠിക്കുക എന്നത് ഒരു സാമൂഹിക പ്രക്രിയയാണ്. ആ സാമൂഹിക പ്രക്രിയയുടെ അർത്ഥവും വ്യാപ്തിയും വിദ്യാർത്ഥികളുടെ മനസ്സിൽ സൃഷ്ടിക്കുകയാണ് സർവകലാശാലയുടെ ലക്ഷ്യങ്ങളിൽ പ്രധാനപ്പെട്ട ഒന്ന്. അതിന് മുൻകൈ എടുക്കേണ്ടത് സർവകലാശാലയിലെ ഉന്നത ഭരണാധികാരിയായ വൈസ് ചാൻസലറാണ്. ഞാൻ പഠിപ്പിച്ച സർവകലാശാലയിൽ ഒരുപാട് പ്രഗത്ഭരായ വൈസ് ചാൻസലർമാരുണ്ടായിരുന്നു. എനിക്കിപ്പോഴും ഓർമ്മയുള്ള വൈസ് ചാൻസലർ ജി. പാർത്ഥസാരഥിയാണ്. അദ്ദേഹം ഒരു നയതന്ത്രജ്ഞനായിരുന്നു. ജനാധിപത്യവാദിയായിരുന്നു. അദ്ദേഹം ചെയ്ത പ്രവർത്തനത്തിന്റെ അടിത്തറയിലാണ് ഇന്നും സർവകലാശാല മുന്നോട്ടുപോകുന്നത്. വളരെ ചെറിയ കാര്യങ്ങളിൽ പ്പോലും എന്നെപ്പോലെ ജൂനിയറായ അദ്ധ്യാപകരുടെ അഭിപ്രായങ്ങൾ ആദ്ദേഹം മാനിച്ചിരുന്നു. പക്ഷേ, ഇവിടെ ഇത്രയും വലിയ അദ്ധ്യാപക-വിദ്യാർത്ഥി സമൂഹത്തെ നിഷേധിച്ചുകൊണ്ട് ഒരു യോഗം പോലും നടത്താൻ പാടില്ല എന്ന് ഒരു ഭരണാധികാരി പറയുമ്പോൾ, സർവകലാശാലയെക്കുറിച്ച് അദ്ദേഹം വച്ചുപുലർത്തുന്ന അജ്ഞത വളരെ വലുതാണ്. ഒരർത്ഥത്തിൽ അദ്ദേഹം ആദ്യം ചെയ്യേണ്ടത് സർവകലാശാലയിൽ ഒരു ചർച്ച ആരംഭിക്കുകയാണ്. അദ്ധ്യാപകർക്ക് അവരുടെ ആശയങ്ങൾ പ്രകടിപ്പിക്കാനും വിദ്യാർത്ഥികൾക്ക് അവരുടെ ആശയങ്ങൾ പ്രകടിപ്പിക്കാനും പറ്റിയ ഏറ്റവും നല്ല വേദി അതാവണം.

സർവകലാശാലയുടെ പ്രവർത്തനം എങ്ങനെയായിരിക്കണം എന്ന ചർച്ച തുടങ്ങിവെക്കുകയാണെങ്കിൽ, ഒരു ജനാധിപത്യ സംസ്കാരം സർവകലാശാലയിൽ സാധ്യമാവും എന്നതിൽ ഒരു സംശയവുമില്ല. ■

അഖില കേരള റിസർച്ച് സ്കോളേഴ്സ് അസോസിയേഷനും കാമ്പസ് സാംസ്കാരിക കൂട്ടായ്മയും ചേർന്ന് കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ സംഘടിപ്പിച്ച 'സർവകലാശാലാ സംസ്കാരം' സെമിനാർ പരമ്പരയിൽ നടത്തിയ പ്രഭാഷണം. വൈസ് ചാൻസലറുടെ വിലക്ക് ലംഘിച്ചാണ് അദ്ദേഹം ക്യാമ്പസ്സിൽ സംസാരിച്ചത്.

**തയാറാക്കിയത്: മൻസൂർ അലി**